**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4425** **13.11.2019** ലെ മറുപടിയ്ക്ക്

## വാളയാർ പീഡനക്കേസ്

| | **ചോദ്യം**<br><br>**ശ്രീമതി. ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.എം.വിൻസെന്റ്**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.വി.ടി.ബൽറാം** | | **മറുപടി**<br>**എ.കെ.ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പാലക്കാട് വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് പെൺകുട്ടികൾ ക്രൂരമായ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ പ്രതികൾക്ക് ജാമ്യം ലഭിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | പ്രസ്തുത കേസിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടത്തിയ ഇടപെടൽ വിശദമാക്കാമോ; | ബി) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും ജില്ലാ പട്ടികജാതി വികസന ഓഫീസറും നേരിട്ട് കുട്ടികളുടെ വീട് സന്ദർശിച്ചിരുന്നു. പ്രസ്തുത കേസുകൾ 06.05.2017-ന് ബഹു. പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും എഫ്.ഐ.ആർ സ്റ്റേജിൽ 2,50,000/-രൂപ (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വീതവും ചാർജ്ജ് ഷീറ്റ് നൽകിയതിനു ശേഷം 1,25,000/-രൂപ (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) വീതവുമായി രണ്ടു കേസുകളിലും കൂടി ആകെ 7,50,000/-രൂപ (ഏഴ് ലക്ഷത്തി |

| | | | |
|---|---|---|---|
| | | | അമ്പതിനായിരം രൂപ മാത്രം) പീഢനത്തിനിരയായി മരണപ്പെട്ട കുട്ടികളുടെ പിതാവ് ശ്രീ.ഷാജി കൈപ്പറ്റിയിട്ടുണ്ട്. |
| സി) | കേസിന്റെ പുനരന്വേഷണത്തിനായി വകുപ്പ് ആഭ്യന്ത വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) | ഇല്ല |

**സെക്ഷൻ ഓഫീസർ**